'ഭരണഭാഷ-.മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06-12-2019-ലെ തീരുമാനങ്ങൾ - ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലെ അന്യം നിന്നു പോകുന്ന വിവിധ നാടൻ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷനുള്ള പദ്ധതിയ്ക്ക് ഉപാധിയോടെ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2958/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/12/2019**

പരാമർശം:- 1 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.2019 ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിന്റെ 4.24-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിൽ അന്യം നിന്നു പോകുന്നതായ പൊറാട്ടു നാടകം, കണ്യാർകളി എന്നിവ പോലുള്ള വിവിധ നാടൻ കലാരൂപങ്ങൾ അന്യം നിന്നു പോകാതിരിക്കുന്നതിനും വരും തലമുറകൾക്ക് ലഭ്യമാക്കുന്നതിനുമായി അവയെ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനു വേണ്ടി KSFDC മുഖാന്തിരം ഡോക്യുമെന്റേഷൻ ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ 7,10,322/-രൂപ അടങ്കലുള്ള പ്രോജക്ട്, വെറ്റിംഗ് ഓഫീസറും ജില്ലതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നിരസിച്ചതിനെത്തുടർന്ന്, പ്രത്യേക അനുമതി ലഭിക്കുന്നതിനായി സംസ്ഥാനതല കോഓർഡിനേഷൻ സമിതി മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഡോക്യുമെന്റേഷന്റെ ചെലവ് സംബന്ധിച്ച് KSFDC ചെയർമാനുമായി ഗ്രാമവികസന കമ്മീഷണർ നെഗോഷിയേറ്റ് ചെയ്ത് നിരക്ക് നിശ്ചയിക്കണമെന്ന നിബന്ധനയോടെ സൂചന (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി ഇതിന് അനുമതി നൽകിയിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ആവിഷ്കരിച്ച പ്രോജക്ട് നം. SO 127/20 'ബ്ലോക്ക് പഞ്ചായത്തിലെ വിവിധ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ' എന്ന പദ്ധതിയ്ക്ക് ഡോക്യുമെന്റേഷന്റെ ചെലവ് സംബന്ധിച്ച് K S F D C ചെയർമാനുമായി ഗ്രാമവികസന കമ്മീഷണർ നെഗോഷിയേറ്റ് ചെയ്ത് നിരക്ക് നിശ്ചയിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
അണ്ടർ സെക്രട്ടറി

പകർപ്പ്: പ്രസിഡണ്ട്/സെക്രട്ടറി, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത്,പാലക്കാട്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.02.01 10:54:53 IST
Reason: Approved

സെക്ഷൻ ഓഫീസർ